**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 598** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വരുന്ന പോരായ്മകളാണ് സഹകരണ സംഘങ്ങളിൽ നിരന്തരം ക്രമക്കേടുകൾ നടക്കുന്നതിന് ഇടയാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

**<u>മറുപടി:</u>** സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടുകളിന്മേൽ യഥാസമയം ഉചിതമായ നടപടി സ്വീകരിച്ച് വരുന്നു. സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകളിലെ ശിപാർശയിന്മേൽ സഹകരണ സംഘം രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർമാർ, സർക്കാർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നിവ മുഖാന്തിരം നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനും അവയിൽ തുടർ നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ആരോപിച്ച് ലഭിക്കുന്ന പരാതികളിൽ സഹകരണ വിജിലൻസ് അന്വേഷണം അത്യന്താപേക്ഷിതമാണെന്ന് കാണുന്ന പക്ഷം പ്രസ്തുത പരാതി സഹകരണ വിജിലൻസ് അന്വേഷണത്തിനായി സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം പ്രാഥമിക പരിശോധന റിപ്പോർട്ട് ഉൾപ്പെടെ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും സഹകരണ വിജിലൻസ് ആഫീസർ മുഖേന മേഖലാ ആഫീസുകളിലെ ഡി.വൈ.എസ്.പി./ ഇൻസ്പെക്ടർ ഓഫ് പോലീസ് എന്നീ അന്വേഷണ ഉദ്യോഗസ്ഥർക്ക് അയച്ച് കൊടുക്കുകയും, ഡി.വൈ.എസ്.പി./ ഇൻസ്പെക്ടർമാരിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ സഹകരണ വിജിലൻസ് ആഫീസറുടെ ശിപാർശയോടെ തിരികെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുകയും, ടി അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ഉചിതമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

**(സി)** 2016 - 2025 കാലയളവിൽ സഹകരണ സ്ഥാപനങ്ങളെ ഉപയോഗിച്ച് കള്ളപ്പണം വെളുപ്പിക്കുവാൻ ശ്രമിച്ചിരുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** 2016 - 2025 കാലയളവിൽ സഹകരണ സ്ഥാപനങ്ങളെ ഉപയോഗിച്ച് കള്ളപ്പണം വെളുപ്പിക്കുവാൻ ശ്രമിച്ചിരുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**